**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 333** **06-08-2021 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നികൾ മൂലമുള്ള കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കൃഷിയിടങ്ങളിൽ ഇറങ്ങി വിള നശിപ്പിക്കുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് കർഷകരെ അനുവദിക്കണമെന്നുള്ള ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ശ്രീ.കെ.വി.സെബാസ്റ്റ്യൻ ഉൾപ്പെടെ 6 പേർ ഫയൽ ചെയ്ത WP (C) No. 21207/2020 (A), ശ്രീ.തോമസ് തോമസ് ഉൾപ്പെടെ 6 പേർ ഫയൽ ചെയ്ത WP (C) No. 12496/2021 (J) എന്നിവയിലെ 23.07.2021 ലെ ഇടക്കാല ഉത്തരവ് പ്രകാരം ടി കേസുകളിലെ ഹർജിക്കാർക്ക് ഒരു മാസത്തിനുള്ളിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ 1972 ലെ വന്യജീവി (സംരക്ഷണ) ആക്ടിലെ സെക്ഷൻ 11 (1)(b) പ്രകാരം ഇവരുടെ കൃഷിഭൂമി പ്രദേശത്ത് കാട്ടുപന്നികളെ വേട്ട നടത്തുന്നതിനുള്ള അനുമതി നൽകണമെന്ന് ബഹു. കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത വിധി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | വിധി പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെയും മറ്റ് മൃഗങ്ങളെയും ക്ഷുദ്രജീവികളായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | കൃഷിയിടങ്ങളിൽ ഇറങ്ങി വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന ശുപാർശ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്. കാട്ടുപന്നികളെ ക്ഷുദ്രജീവിയാക്കി പ്രഖ്യാപിച്ചുകൊണ്ടുള്ള കേന്ദ്ര ഉത്തരവ് ലഭിച്ചിട്ടില്ല. കൃഷിയിടങ്ങളിൽ ഇറങ്ങി വിളകൾ നശിപ്പിക്കുന്ന ഇതര വന്യമൃഗങ്ങളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ